പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1253 15-10-2026-ൽ മറുപടിയ്ക്ക്

ഭിന്നശേഷി നിയമന വിഷയത്തിന്റെ പേരിൽ അംഗീകാരം ലഭിക്കാത്ത അധ്യാപകർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കുറുക്കോളി മൊയ്തീൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകരിൽ ഭിന്നശേഷി നിയമന വിഷയം കാരണം അംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ എണ്ണം വിദ്യാഭ്യാസ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ബി) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി അധ്യാപക തസ്തികകൾ മാറ്റിവയ്ക്കപ്പെട്ടിട്ടും പ്രസ്തുത തസ്തികകളിലേക്ക് യോഗ്യതയുള്ള ഭിന്നശേഷിക്കാരുടെ ലഭ്യത ഇല്ലാത്തതിനാൽ നിയമനം നടക്കാത്ത വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(സി) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി അധ്യാപക തസ്തികകൾ മാറ്റിവയ്ക്കപ്പെട്ടിട്ടും മറ്റ് അധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാത്ത വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ഡി) ഭിന്നശേഷി നിയമനത്തിന് മാനേജ്മെന്റുകൾ തസ്തികകൾ മാറ്റിവെച്ചിട്ടും മറ്റ് അധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

മറുപടി: 18.02.2026 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.31/2026/പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട താത്ക്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിൽ/ ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട് .

(ഇ) ഭിന്നശേഷി നിയമന വിഷയവുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്ത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മറുപടി: 18.02.2026 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.31/2026/പൊ.വി.വ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് വിദ്യാഭ്യാസ ഓഫീസർമാർ നിലവിൽ അംഗീകാരം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ